**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4761** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (എ) | ഈ സർക്കാർ മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.<br><br>**ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ** |

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായ ത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ**

(എ) ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

(ബി) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

(സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളതും, കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളവരുമായ മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. ഈ വായ്പയുടെ പലിശ തുക മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

**വലകൾക്കുള്ള സബ്സിഡി പദ്ധതി**

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

**മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)**

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് വിവിധ ബാങ്കുകളിൽ മത്സ്യത്തൊഴിലാളികൾ അപേക്ഷകൾ

സമർപ്പിക്കുകയും ബാങ്കുകൾ കെ.സി.സി വായ്പ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

**ബ്ലൂ റവല്യൂഷൻ**

ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി.

**പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ 100 ഗ്രൂപ്പുകൾക്ക് 5 ലക്ഷം രൂപ വീതം എഫ്.ആർ.പി വള്ളം, വല, എഞ്ചിൻ എന്നിവ നൽകിയിരുന്നു. 5 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് 60% വായ്പയും 40% സബ്സിഡിയുമാണ്.

**ആഴക്കടൽ മത്സ്യബന്ധനം പദ്ധതി**

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടു കൂടി 10 ബോട്ടുകൾ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 6 ബോട്ടുകൾ 6 പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു. 40% സബ്സിഡി കൂടാതെ 30.60 ലക്ഷം രൂപ കൂടി ഓരോ യൂണിറ്റിനും അധിക വിഹിതമായി അനുവദിച്ചു നൽകി. ഇതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 5% പലിശയ്ക്ക് 70 ലക്ഷം രൂപ വീതം വായ്പയും സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി ചൂണ്ട അനുബന്ധ ഉപകരണങ്ങൾ എന്നിവയുള്ള തുക സംഘങ്ങൾക്ക് അനുവദിച്ചു നൽകി. കൂടാതെ 5 ഗ്രൂപ്പുകൾക്കാവശ്യമായ വലകൾ മത്സ്യഫെഡ് വിതരണം ചെയ്തു. ഇതിനായി 20 ലക്ഷം രൂപ വീതം മത്സ്യഫെഡ് തനത് ഫണ്ടിൽ നിന്നും വായ്പയായി അനുവദിച്ചു. പി.എം.എം.എസ്.വൈ പദ്ധതിയിൽ 1 യൂണിറ്റിന് അനുവദിച്ച 120 ലക്ഷം രൂപ കൂടാതെ 57 ലക്ഷം രൂപ കൂടി അധികമായി വേണ്ടി വന്നതിനാൽ പദ്ധതി അടങ്കൽ 177 ലക്ഷം രൂപയായി വർദ്ധിച്ചു.

**മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ള വായ്പകളിന്മേൽ 31/03/2020 വരെ കുടിശ്ശിക നിൽക്കുന്ന പലിശ, പിഴപ്പലിശ ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ച് 31/03/2024 വരെ നടപ്പിലാക്കി

**സഹകരണ സംഘങ്ങളുടെ ശാക്തീ കരണം**

ഭരണസമിതി നിലവിലുള്ളതും എന്നാൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് ഭരണ സമിതിയുടെ തീരുമാന പ്രകാരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

**മത്സ്യബന്ധന വള്ളങ്ങൾ വലിക്കുന്ന തിനുള്ള ട്രാക്ടർ**

മത്സ്യബന്ധന വള്ളങ്ങൾ കടലിലേയ്ക്ക് ഇറക്കുന്നതിനും, കരയിലേയ്ക്ക് വലിച്ചു കയറ്റുന്നതിനും 2022-23 ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുകയും തിരുവനന്തപുരം ജില്ലയിലെ രണ്ട് സഹകരണ സംഘങ്ങളെ ഈ പദ്ധതികളുടെ നടത്തിപ്പിലേക്കായി തെരഞ്ഞെടുക്കുകയും ട്രാക്ടർ വിതരണം ചെയ്യുകയും ചെയ്തു.

**സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി**

സംസ്ഥാനത്തെ 11000 പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പ്രതിമാസം ഏകദേശം 500-1000 കിലോ ലിറ്റർ വെള്ള മണ്ണെണ്ണ ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നൽകി കൊണ്ട് 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 13 മണ്ണെണ്ണ ബങ്കുകളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കുന്നു. 2015 ജൂലൈ മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 140 ലിറ്റർ (10 എച്ച്.പി വരെ), 150 ലിറ്റർ (10-15 എച്ച്.പി വരെ) 190 ലിറ്റർ (15 എച്ച്.പി ക്ക് മുകളിൽ) വെള്ള മണ്ണെണ്ണ മാസംതോറും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. അതനുസരിച്ച് ഒരു പെർമിറ്റിന് 3500 രൂപ മുതൽ 5000 രൂപ വരെ സബ്സിഡി തുക മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ (ഡി.ബി.റ്റി) നിക്ഷേപിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഏറെക്കാലമായി അഭിമുഖീകരിച്ചിരുന്ന മണ്ണെണ്ണയുടെ

ദൗർലഭ്യം കുറയ്ക്കുന്നതിനും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2021 - 22 ൽ 20.17 കോടി രൂപയും, 2022 - 23 ൽ 19.37 കോടി രൂപയും, 2023 - 24 ൽ 18.58 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച വരുന്ന മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം പെട്രോൾ എഞ്ചിനാക്കി മാറ്റുന്നതിനുള്ള പദ്ധതി**

പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണ ക്ഷാമവും വിലക്കയറ്റവും മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായും ഇന്ധന ക്ഷമത കൂടിയതും പ്രവർത്തന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ പെട്രോൾ എഞ്ചിനുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി "മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച വരുന്ന മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം പെട്രോൾ എഞ്ചിനാക്കി മാറ്റുന്നതിനുള്ള പദ്ധതി" നിലവിൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പെട്രോൾ എഞ്ചിനുകൾക്ക് എഞ്ചിൻ വിലയുടെ 50 ശതമാനമോ, 50000/- രൂപയോ ഏതാണോ കുറവ് ആയത് സബ്സിഡിയായി അനുവദിച്ച നൽകുന്നു.

**മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച വരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി**

പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണ ക്ഷാമവും വിലക്കയറ്റവും മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി "മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ച വരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി" മത്സ്യഫെഡ് 2024 - 25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. പ്രസ്തുത പദ്ധതിയിൽ LPG Conversion Kit- ൻറെ 75 ശതമാനമോ, 48000/- രൂപയോ ഏതാണോ കുറവ് ആയതും എൽ.പി.ജി സിലിണ്ടറിൻറെയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെയും 75 ശതമാനമോ, 4500/- രൂപയോ ആയതും ഉൾപ്പെടെ ആകെ ഒരു യൂണിറ്റിന് 52500/- രൂപ സബ്സിഡിയായി നൽകുന്നു. ആകെ 500 മണ്ണെണ്ണ എഞ്ചിനുകളാണ് ഈ പദ്ധതി പ്രകാരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളാക്കുന്നത്.

**മത്സ്യഫെഡ് കേരള സീഫുഡ് കഫേ പദ്ധതി**

ഗുണമേന്മയുള്ളതും രുചികരവുമായ മത്സ്യ വിഭവങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം പൊതുജനങ്ങൾക്ക് നൽകുന്നതിനായി മത്സ്യഫെഡ് വിഴിഞ്ഞം ആഴാകുളത്ത് പുതുതായി ആരംഭിച്ച "കേരള സീഫുഡ് കഫേയിൽ ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ 10 വനിതകൾക്ക് ജോലി നൽകിയിട്ടുണ്ട്.

**മത്സ്യഫെഡ് ട്വൈൻ ഫാക്ടറി, പുന്നപ്ര, ആലപ്പുഴ**

മത്സ്യഫെഡ് വല നിർമ്മാണ ഫാക്ടറികളിൽ വല ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നൈലോൺ മൾട്ടി ഫിലമെന്റ് ട്വൈൻ ഉൽപ്പാദിപ്പിക്കുന്നതിനായി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ സ്ഥാപിച്ച മത്സ്യഫെഡ് ട്വൈൻ ഫാക്ടറി 2024 ഫെബ്രുവരി 15-ാം തീയതി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത യൂണിറ്റ് സജ്ജമാക്കുന്നതിനായി 550 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 27.12.2019 തീയതിയിലെ സ.ഉ(സാധാ)നം. 1018/2019/മ.തു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കേരളത്തിലെ ആദ്യത്തെ ഓൺലൈൻ നൂൽ ഫാക്ടറിയാണ് മത്സ്യഫെഡ് സജ്ജമാക്കിയിരിക്കുന്നത്. ഫാക്ടറിയുടെ പ്രതിവർഷ ഉൽപ്പാദന ശേഷി 400 ടൺ ആണ്. ട്വൈൻ ഫാക്ടറി ഉൽപ്പാദിപ്പിക്കുന്ന നൂൽ ഉപയോഗിച്ചു കൊണ്ട് മത്സ്യഫെഡിന്റെ നെറ്റ് ഫാക്ടറികളിൽ നെത്തോലി വല, താങ്ങു വല, ചാള വല, എച്ച്. എം വല എന്നീ വലകൾ ഗുണമേന്മ ഉറപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുവാൻ കഴിയും.

**പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

**മത്സ്യഫെഡ് വല നിർമ്മാണ ശാല, നീണ്ടകര, കൊല്ലം**

തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലായി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ 3 വല നിർമ്മാണ ശാലകളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാവശ്യമായ വിവിധ ഇനം വലകൾ ഉൽപ്പാദിപ്പിക്കുന്ന ഈ ഫാക്ടറികളുടെ ആകെ ഉൽപ്പാദന ശേഷി 1250 ടണ്ണാണ്. സ്വകാര്യ വല നിർമ്മാണ ശാലകളുടെ വലകൾ മത്സ്യഫെഡ് വലകളെ അപേക്ഷിച്ച് ഗുണനിലവാരം കുറഞ്ഞതും എന്നാൽ വില കൂടുതലുമാണ്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ വിവിധ തരം വലകൾ ഉൽപ്പാദിപ്പിക്കുന്നതിനായി മത്സ്യഫെഡിന്റെ

നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ നീണ്ടകര ഫിഷിംഗ് ഹാർബറിൽ വല നിർമ്മാണ ശാല ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രവർത്തനമാരംഭിക്കുന്നതോടുകൂടി മത്സ്യത്തൊഴിലാളികൾക്കാവശ്യമായ എല്ലാ തരം വലകളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ കഴിയും. 450 ടൺ പ്രതിവർഷ ഉൽപ്പാദന ശേഷിയുള്ള വല നിർമ്മാണ ശാല ആരംഭിക്കുന്നതിനുള്ള പദ്ധതി അടങ്കൽ തുക 53 കോടി രൂപയാണ്.

**മത്സ്യഫെഡ് വല നിർമ്മാണ ശാല, മലപ്പുറം & ആലപ്പുഴ**

മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മലപ്പുറം, ആലപ്പുഴ ജില്ലകളിലായി വല നിർമ്മാണ ശാല ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**മത്സ്യഫെഡ് എഫ്.ആർ.പി നിർമ്മാണ ശാല, ശക്തികുളങ്ങര, കൊല്ലം**

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന വേളയിൽ പ്രതികൂല കാലാവസ്ഥയിൽ കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കൂടുതൽ കാലം ഈട് നിൽക്കുന്നതുമായ എഫ്.ആർ.പി വള്ളം നിർമ്മിക്കുന്നതിനുള്ള ഒരു എഫ്.ആർ.പി വള്ളം നിർമ്മാണ ശാല കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. യമഹ മോട്ടോർ കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പദ്ധതി അടങ്കൽ തുക 450 ലക്ഷം രൂപയാണ്. പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതോടു കൂടി യൂണിറ്റിൽ നിന്നും പ്രതിമാസം 18 ബോട്ടുകൾ നിർമ്മിക്കുവാൻ കഴിയും.

**മത്സ്യഫെഡ് കരിമീൻ ഹാച്ചറി**

മത്സ്യഫെഡ് പാലായ്ക്കരി ഫിഷ് ഫാമിൽ പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൻ കീഴിൽ ഒരു കരിമീൻ ഹാച്ചറി ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മത്സ്യഫെഡ് മൂല്യ വർദ്ധിത ഉൽപ്പന്ന കേന്ദ്രം**

ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മത്സ്യത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്ക് Central

Institute of Fisheries Technology (CIFT) ഉം, Central Tuber Crop Research Institute (CTCRI) ഉം ആണ് സാങ്കേതിക സഹായം നൽകുന്നത്.

**മത്സ്യഫെഡ് കേരള സീഫുഡ് കഫേ പദ്ധതി**

ഗുണമേന്മയുള്ളതും രുചികരവുമായ മത്സ്യ വിഭവങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം പൊതുജനങ്ങൾക്ക് നൽകുന്നതിനായി മത്സ്യഫെഡ് വിഴിഞ്ഞം ആഴാകുളത്ത് പുതുതായി "കേരള സീഫുഡ് കഫേ" ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ബാക്കി 13 ജില്ലകളിലും മത്സ്യഫെഡിന്റെ കേരള സീ ഫുഡ് കഫേ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കോട്ടയം ജില്ലയിലെ നാഗമ്പടത്ത് മത്സ്യഫെഡിന്റെ കേരള സീ ഫുഡ് കഫേ രണ്ടു മാസത്തിനകം പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മത്സ്യഫെഡ് ഫിഷ് മാർട്ട്**

കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും മത്സ്യ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യഫെഡ് പുതുതായി 58 ബൂത്തുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 509/-രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/-രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം

| | | | |
|---|---|---|---|
| | | | സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br><br>**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>**<br><br>മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്ന തിനായും ''മത്സ്യത്തൊഴിലാളി ക്ഷേമനിധി'' എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകിവരുന്നു.<br><br>**<u>വിദ്യാഭ്യാസ അവാർഡ് ''മികവ്''</u>**<br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ